# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 5017 22.05.2017 ൽ മറുപടിയ്ക്ക്**

**കുട്ടികൾക്ക് പരിസ്ഥിതി അവബോധം വളർത്തുന്നതിനുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | പ്രൊഫ സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കുട്ടികൾക്ക് പരിസ്ഥിതി അവബോധം വളർത്തുന്നതിന് സ്കൂൾ പാഠ്യപദ്ധതിയിൽ ആഴ്ചയിൽ ഒരു പീരിയഡ് എങ്കിലും ഉൾപ്പെടുത്തുവാൻ സംസ്ഥാനതല പാഠ്യപദ്ധതി നിർണ്ണയ സമിതിക്ക് നിർദ്ദേശം നൽകുമോ ; എങ്കിൽ അറിയിക്കാമോ ? | എ) പരിസ്ഥിതി അവബോധം ഒരു പ്രധാന വിഷയമേഖലയായി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സയൻസിലും , ഭാഷാവിഷയങ്ങളിലും ഇത് വേണ്ടത്ര രീതിയിൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ സ്കൂൾ പാഠ്യപദ്ധതിയിൽ ആഴ്ചയിൽ ഒരു പീരിയഡ് ഇതിലേയ്ക്കായി ഉപയോഗപ്പെടുത്തണമെന്ന നിർദ്ദേശം സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |
| ബി) കുട്ടികൾക്ക് കൃഷിയോടുള്ള മനോഭാവം വർദ്ധിപ്പിക്കുന്നതിന് സ്കൂളുകളിൽ എല്ലാ ക്ലാസ്സുകാർക്കും ആഴ്ചയിൽ ഒരു പീരിയഡ് കാർഷിക പരിശീലനത്തിനും കാർഷിക പഠനത്തിനുമായി മാറ്റിവയ്ക്കുമോ; വ്യക്തമാക്കാമോ ? | ബി) പാഠ്യപദ്ധതി പരിഷ്കരണ സമയത്ത് ഈ വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ